**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **10-06-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ആഫീസുകൾക്ക് ഐ.എസ്.ഒ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ജനസൗഹൃദസർക്കാർ ആഫീസുകൾ എന്ന ലക്ഷ്യത്തോടെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജനപക്ഷം ചാത്തന്നൂർ പദ്ധതി പ്രകാരം പി.ഡബ്ള്യൂ.ഡി. ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ നിർവഹിച്ചു വരുന്ന മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ആഫീസുകൾക്കും ഐ .എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി വകുപ്പ് തലത്തിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട കൊല്ലം താലൂക്ക് പരിധിയിലുള്ള കോട്ടപ്പുറം, ചിറക്കര, പൂതക്കുളം എന്നീ വില്ലേജാഫീസുകൾക്കും കൊട്ടാരക്കര താലൂക്ക് പരിധിയിൽ വരുന്ന പൂയപ്പള്ളി വില്ലേജാഫീസിനും എം.എൽ.എ ഫണ്ട് ഉപയോഗിച്ചും ജനപങ്കാളിത്തത്തോടെയും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം എന്ന സ്വകാര്യ കമ്പനിയുടെ ഉദ്യോഗസ്ഥർ വില്ലേജ് ഓഫീസുകൾ സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പ്രൊപ്പോസൽ ജില്ലാ കളക്ടർ പരിശോധിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ